കഥ

# തിരിച്ചറിവ്



• നിഷിദ ശാക്കിർ, ഷാർജ

വളരെക്കാലത്തെ കാത്തിരിപ്പിന് ശേഷം ഇന്നവൾക്ക് തന്റെ കഴിവ് തെളിയിക്കാനുള്ള അവസരമാണ്. ജോലി കിട്ടിയിട്ട് വർഷം ഒന്നു കഴിഞ്ഞു. സ്വതന്ത്രമായി ഒരു സ്റ്റോറി ചെയ്യണമെന്നത് പഠിക്കുമ്പോഴെയുള്ള ആഗ്രഹമാണ്. ഈ ഇന്റർവ്യൂ ഞാൻ കലക്കും, അവൾ മനസ്സിൽ പറഞ്ഞു. ഒമ്പതരയാണ് സമയം പറഞ്ഞത്. എട്ടര കഴിഞ്ഞു. പോകാനുള്ള വണ്ടി വന്നതും അവൾ പെട്ടെന്ന് റെഡിയായി മുറ്റത്തേക്കോടി.

"ആ ദോശ മുഴുവൻ തിന്നിട്ട് പോ മോളേ."

അമ്മ പറയുന്നത് ശ്രദ്ധിക്കാനൊന്നും അവൾക്ക് സമയമുണ്ടായില്ല. ഓടി വണ്ടിയിൽ കയറി. കാമറാമാൻ ശശിയും ഡ്രൈവറും വണ്ടിയിലുണ്ട്.

അമ്മക്ക് എപ്പോഴും കലിയാണ് ഈ ജോലിയോട്. 'രാവെന്നും പകലെന്നുമില്ലാതെ കറക്കാണ്. പെങ്കുട്ട്യോൾക്ക് ഇതൊന്നും അത്ര നന്നല്ല' എന്നാണ് അമ്മയുടെ പക്ഷം. പക്ഷേ വളരെ ആശിച്ച് കിട്ടിയ ജോലിയാണ്. സ്വന്തം ഇഷ്ടത്തിന് തെരഞ്ഞെടുത്തതും. സ്വാതന്ത്ര്യം തന്റെ ഹരമായിരുന്നു. കൊതിച്ചതും അത് തന്നെ. ഒരു പക്ഷേ, അമ്മയുടെ ഗർഭപാത്രത്തിൽവെച്ചുതന്നെ. ഇടയ്ക്ക് അമ്മ പറയാറുണ്ട്, 'അവിടെ പത്തുമാസം തികക്കാതെ പൊറത്തുചാടിയ അവളാ ഇവിടെ അടങ്ങിയിരിക്കാൻ പോണേ.'

"നന്നായി പ്രിപ്പയർ ചെയ്തിട്ടില്ലേ, ആള് നിസ്സാരപുള്ളിയല്ലാട്ടോ." ശശിയുടെ ചോദ്യം അവളെ ചിന്തയിൽ നിന്നുണർത്തി.

"ങ്ഹാ.. സാമൂഹ്യപ്രവർത്തക, എഴുത്തുകാരി, സ്ത്രീവിമോചക എന്നിങ്ങനെയെല്ലാം ആയിരുന്നെന്നറിയാം. തീവ്രവാദി– അതല്ലേ അവരുടെ ഇപ്പോഴത്തെ ലേബൽ. മകനെ തീവ്രവാദത്തിന് റിക്രൂട്ട് ചെയ്തവരല്ലേ? സാമൂഹ്യസേവനത്തിന്റെ മറവിൽ അവർ ഒരുപാടുപേരെ റിക്രൂട്ട് ചെയ്തിട്ടുണ്ടെന്നാണ് പറഞ്ഞുകേൾക്കുന്നത്. ജയിലിൽവെച്ച് ഇങ്ങനൊരു ഇന്റർവ്യൂ കിട്ടാൻ കുറച്ചു ബുദ്ധിമുട്ടി. ഇന്ന് ഞാനവരെ ചോദ്യം ചോദിച്ച് മുട്ടുകുത്തിക്കും ശശി."

കൃത്യം ഒമ്പതരക്കു തന്നെ സ്ഥലത്തെത്തി. സന്ദർശകമുറിയിൽ ഇരിക്കുകയായിരുന്നു അവർ. എന്നെ കണ്ടപ്പോൾ സൗമ്യമായി ചിരിച്ചു. ഒറ്റനോട്ടത്തിൽ അവളൊന്ന മ്പരന്നു. ഇതോ തീവ്രവാദി? ഒരു തീവ്രവാദിക്ക് ഇങ്ങനെ സൗമ്യയായി ചിരിക്കാനാവുമോ? അതിനൊക്കെ അവർക്ക് നല്ല ട്രെയ്നിങ്ങ് കിട്ടിയിട്ടുണ്ടാകാം. സ്വയം പരിചയപ്പെടുത്തിയ ശേഷം കാമറ ഓണാക്കാൻ പറഞ്ഞ് പതിവ് ഉപചാരവാചകങ്ങൾക്കു ശേഷം അവൾ ചോദ്യത്തിലേക്ക് കടന്നു.

"നിങ്ങളുടെ ജീവിതത്തെക്കുറിച്ച് അറിയണമെന്നുണ്ട്. എങ്ങനെ ഈയൊരു മേഖലയിൽ എത്തിപ്പെട്ടു?"

വളരെ സൗമ്യതയോടെ അവർ പറഞ്ഞു തുടങ്ങി.

"ഞാൻ ഒരു സാധാരണ സ്ത്രീയാണ്. നിങ്ങളെയും മറ്റുള്ളവരെയും പോലെതന്നെ. പക്ഷേ ഒരു വ്യത്യാസംമാത്രം. എന്റെ ജീവിതം കൊണ്ട് ആവുംവിധം മറ്റുള്ളവരെ സഹായിക്കാൻ ഞാൻ ഇറങ്ങിത്തിരിച്ചു."

"നിങ്ങൾ തെറ്റൊന്നും ചെയ്തില്ലെന്നാണോ പറയുന്നത്?"

"അതിനി ഇവിടെ പറയാൻ ഞാൻ തുനിയുന്നില്ല. ഒരു നൂറ് പ്രാവശ്യം ഞാനത് പലരോടും പറഞ്ഞ് കഴിഞ്ഞതാണ്."

"നമ്മുടെ നീതിന്യായവ്യവസ്ഥയിൽ നിങ്ങൾക്ക് വിശ്വാസമില്ലേ?"

"അതിൽ വിശ്വസിക്കാതിരിക്കാൻ എന്ത് ന്യായം? അവർക്ക് വേണ്ടത് തെളിവാണ്. അതവരുടെ പക്കൽ വേണ്ടുവോളമുണ്ട് താനും."

"നിങ്ങളുടെ കീഴിൽ ഒരു പ്രസ്ഥാനമുണ്ടെന്ന് കേട്ടു."

“അതിനെ ഒരു പ്രസ്ഥാനമെന്ന് വിളിക്കാമോ? ഭർത്താവ് ഒരപകടത്തിൽ മരിച്ചശേഷം എന്റെയും മകന്റെയും അവസ്ഥ വളരെ മോശമായിരുന്നു. ജീവിക്കാൻ കഷ്ടപ്പെടുന്ന സഹോദരങ്ങളെ ബുദ്ധിമുട്ടിക്കാനും എന്റെ മനസ്സനുവദിച്ചില്ല. ഉണ്ടായിരുന്ന കുറച്ച് സ്വർണം വിറ്റ് ആദ്യം ഒരു തയ്യൽക്കടയാണ് തുടങ്ങിയത്. എന്നെപ്പോലെ യാതന അനുഭവിക്കുന്ന ഒരുപാട് സ്ത്രീകൾ ഇതിൽ പങ്കാളികളായി. ക്രമേണ ഞങ്ങൾ പൊതുപ്രശ്നങ്ങളിലും ഇടപെട്ടു തുടങ്ങി. യാതന അനുഭവിക്കുന്നത് സ്ത്രീയോ പുരുഷനോ ആവട്ടെ, അവർക്കു ഞങ്ങൾ കഴിയുന്ന സഹായം എത്തിക്കുമായിരുന്നു.”

“അപ്പോൾ ഈ തീവ്രവാദ ബന്ധം?”

“അതാണ് എനിക്കിപ്പോഴും മനസ്സിലാകാത്തത്? ഞാനെങ്ങനെ ഇതിനിടയിൽ വന്നുവെന്ന്?”

“നിങ്ങൾ വീണ്ടും അത് നിഷേധിക്കുകയാണോ? നിങ്ങളുടെ മകനല്ലേ പോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ ഡൽഹിയിൽ മരിച്ചത്?”

“എന്റെ മോൻ....”

അവരുടെ കണ്ണുകൾ നിറഞ്ഞു.

“നിങ്ങൾക്കറിയുമോ അവൻ എന്നെക്കൂടാതെ അതുവരെ ഒരുരാത്രി കഴിഞ്ഞിരുന്നില്ല. അവന്റെ ഉപ്പ പോയതിൽ പിന്നെ എന്റെ പ്രതീക്ഷ മുഴുവൻ അവനായിരുന്നു. എന്റെ മകൻ തീവ്രവാദിയല്ല, ആവുകയുമില്ല. ഞാനാണ അവനെ വളർത്തിയത്. ഒരു ഉറുമ്പിനെ പോലും നോവിക്കാൻ അവനാവില്ല.” അവരുടെ കണ്ണീർ ചാലിട്ടൊഴുകി.



പറഞ്ഞു കേട്ട് മനസ്സിലുറപ്പിച്ച തീവ്രവാദിയുടെ രൂപത്തിൽനിന്നും അവളുടെ മനസ്സിലേക്ക് അവർ പതുക്കെ നടന്നടുക്കുകയായിരുന്നു... ഒരു സാധാരണ സ്ത്രീയായി.. അമ്മയായി..

എങ്കിലും അവൾ വീണ്ടും ചോദിച്ചു.

“പിന്നെ അവനെങ്ങനെ ഡൽഹിയിലെത്തി?”

“എങ്ങനെ അവിടെ എത്തി എന്നെനിക്കറിയില്ല, പക്ഷേ ഒന്നെനിക്കറിയാം. ഞങ്ങളുടെ നാട്ടിലെ ഒരു മുതിർന്ന രാഷ്ട്രീയനേതാവുമായി ബന്ധപ്പെട്ട ഒരു കേസിൽ സാക്ഷി പറയാൻ മരിക്കുന്നതിന് ഒരാഴ്ച മുമ്പ് പോലീസ് സ്റ്റേഷനിൽ പോയതാണവൻ, പിന്നെ തിരിച്ചു വന്നില്ല. ഡൽഹിയിൽ ഏറ്റുമുട്ടലിൽ അവൻ മരിച്ചെന്ന വാർത്ത കേട്ടപ്പോൾ എനിക്കവന്റെ മുഖം കാണേണ്ടെന്ന് ഞാൻ പറഞ്ഞില്ല. ഒരുപക്ഷേ അതായിരിക്കാം ഞാൻ ചെയ്ത തെറ്റ്.”

ഇനി എന്തുചോദിക്കണമെന്ന് അവൾക്കറിയില്ലായിരുന്നു. ആത്മാർത്ഥത തൊട്ടുതീണ്ടാതെയുള്ള രാഷ്ട്രീയക്കാരുടെ വാക്കുകൾ ദിവസവും കേൾക്കുന്ന അവൾക്കു ഹൃദയത്തിൽനിന്നുള്ള വാക്കുകൾ കേട്ടാൽ തിരിച്ചറിയാനാകുമായിരുന്നു.

അവൾ ആ ഇന്റർവ്യൂ അവിടെ നിർത്തി. കാരണം ഈ ഇന്റർവ്യൂ തന്റെ ചാനൽ പ്രക്ഷേപണം ചെയ്യുമെന്നതിന് യാതൊരു ഉറപ്പുമില്ല. പുതുതായി ഒന്നും മാനേജ്മെന്റ് ഇതിൽ കാണില്ല. ഇതൊരു കുറ്റവാളിയുടെ പതിവ് എസ്കേയ്പിസമായേ അവർ വിലയിരുത്തൂ. അവർക്ക് വേണ്ട രാഷ്ട്രീയ പാർട്ടികൾക്കെതിരെയുള്ള ശകാരവർഷമോ വർഗീയ പരാമർശമോ ഇതിലില്ല. പിന്നെയെന്തിന് ഇനിയുമാ പാവം സ്ത്രീയെ ഓരോരോ ചോദ്യങ്ങൾ ചോദിച്ച് ബുദ്ധിമുട്ടിക്കണം.

ഓഫീസിൽ തിരിച്ചെത്തി രാജിക്കത്ത് നൽകുമ്പോൾ അവൾ വളരെയേറെ ചിന്തിച്ചുറപ്പിച്ചിട്ടുണ്ടായിരുന്നു. അവളുടെ മനസ്സിൽ നിറയെ അവരുടെ അവസാന വാക്കുകളായിരുന്നു.

“ജയിലിലാണെങ്കിലും എന്റെ മനസ്സ് സ്വസ്ഥമാണ്. എനിക്കെവിടെയും പറയാൻ കഴിയും ഞാൻ ചെയ്തത് ശരിയായിരുന്നെന്ന്. എന്റെ ജീവിതം കൊണ്ട് ഞാൻ ചെയ്തത് ഏതൊരു സ്ത്രീക്കും സാധിക്കും. കാരണം സ്ത്രീകൾക്കേ സമൂഹത്തിൽ ഇത്രമാത്രം പരിവർത്തനം സാധ്യമാക്കാനാവൂ. എന്റെ നിരപരാധിത്വം കാലം തെളിയിക്കും.”

അവരാരോ എന്തോ ആയിക്കോട്ടെ. അവർ പറഞ്ഞത് സത്യമാണ്. അവളുടെ മനസ്സ് പറഞ്ഞു.

അവരനുഭവിക്കുന്ന ആ മനഃശാന്തി തനിക്കും കൈവരിക്കണം. അതിന് വേണ്ടിയാകണം ഇനി തന്റെ പ്രവർത്തനം. എങ്കിലേ ആത്മാർത്ഥതയോടെ മനസ്സിൽ ഉറപ്പിച്ച് തനിക്കും പറയാൻ കഴിയൂ, ഞാൻ ശരി മാത്രമേ ചെയ്തിട്ടുള്ളൂ എന്ന്.